# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 327** — **11-11-2019-ൽ മറുപടിയ്ക്ക്**

**മെഡിക്കൽ വിദ്യാഭ്യാസ രംഗത്തെ അനധികൃത റിക്രൂട്ടിംഗ് ഏജൻസികൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. രാജു എബ്രഹാം**<br>**ശ്രീ. ജോൺ ഫെർണാണ്ടസ്**<br>**ശ്രീ. എ.എൻ. ഷംസീർ**<br>**ശ്രീ. കെ.ഡി. പ്രസേനൻ** | **ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്തുനിന്നും മെഡിക്കൽ വിദ്യാഭ്യാസത്തിനായി വിദേശ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്ക് പോകുന്ന വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിച്ച് വരുന്നതിന്റെ കാരണങ്ങൾ സർക്കാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) ഇല്ല. കേരളത്തിൽ അനുവദിച്ചിട്ടുള്ള മെഡിക്കൽ സീറ്റുകളുടെ എണ്ണത്തേക്കാൾ കൂടുതലാണ് മെഡിക്കൽ വിദ്യാഭ്യാസം ആഗ്രഹിക്കുന്നവരുടെ എണ്ണം. പ്രവേശന പരീക്ഷയിൽ ഉയർന്ന റാങ്ക് നേടുന്നവർക്കുമാത്രമേ കേരളത്തിലെ മെഡിക്കൽ കോളേജുകളിൽ പ്രവേശനം സാധ്യമാകുകയുള്ളൂ. കേരളത്തിൽ മെഡിക്കൽ വിദ്യാഭ്യാസ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം തികച്ചും മെരിറ്റ് അടിസ്ഥാനത്തിൽ മാത്രമാണ് ലഭിക്കുന്നത്. ടി കാരണത്താലാവാം വിദേശ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്ക് പോകുന്ന വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിച്ച് വരുന്നത്. |
| (ബി) മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരമില്ലാത്ത മെഡിക്കൽ എഡ്യൂക്കേഷൻ കൺസൾട്ടൻസികളാണ് ഇവരെ റിക്രൂട്ട് ചെയ്യുന്നതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(സി) വേൾഡ് ഡയറക്ടറി ഓഫ് മെഡിക്കൽ സ്കൂൾസിന്റെ വെബ് സൈറ്റിൽ ഉൾപ്പെടാത്തതും എം.സി.ഐ.യുടെ അംഗീകാരമില്ലാത്തതുമായ വിദേശ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്ക് വിദ്യാർത്ഥികളെ അനധികൃതമായി റിക്രൂട്ട് ചെയ്യുന്ന കൺസൾട്ടൻസികൾക്കെതിരെ നടപടി സ്വീകരിക്കാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുമോ; | (ബി) & (സി) വിദേശ മെഡിക്കൽ കോളേജുകളിലേയ്ക്ക് വിദ്യാർത്ഥികളെ റിക്രൂട്ട് ചെയ്യുന്ന കൺസൾട്ടൻസികൾക്കെതിരെ വിദ്യാർത്ഥികളിൽ നിന്നോ രക്ഷകർത്താക്കളിൽനിന്നോ ഈ വകുപ്പിൽ പരാതികൾ ലഭിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അത്തരത്തിൽ പരാതികൾ ഉണ്ടാകുന്നപക്ഷം, സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് ആലോചിക്കുന്നതാണ്. |

(ഡി) സംസ്ഥാനത്തെ വിദ്യാർത്ഥികളുടെ താല്പര്യം മുൻനിർത്തി അംഗീകൃത വിദേശ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളെക്കുറിച്ചുള്ള വിവരം ലഭ്യമാക്കുന്നതിനെക്കുറിച്ച് സർക്കാർ ആലോചിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ?

(ഡി) വിദേശ മെഡിക്കൽ ബിരുദം നേടാനാഗ്രഹിക്കുന്നവർ ഏജന്റുമാർ നൽകുന്ന തെറ്റായ വിവരങ്ങളിൽ വഞ്ചിതരാകരുതെന്ന് കാണിച്ച് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ വെബ് സൈറ്റിൽ നിർദ്ദേശങ്ങൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. കോഴ്സിന്റെ അംഗീകാരം, കോഴ്സ് കാലാവധി, ഫീസ് മുതലായവയുടെ അന്വേഷണം സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങൾക്ക് വെബ് സൈറ്റിൽ ലഭ്യമാണ്. കൂടാതെ, ഓരോ വർഷവും എലിജിബിലിറ്റി സർട്ടിഫിക്കറ്റ് നേടിയിട്ടുള്ള വിദേശ മെഡിക്കൽ കോളേജുകളുടെ ലിസ്റ്റും മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ പ്രസിദ്ധീകരിക്കാറുണ്ട്.

സെക്ഷൻ ഓഫീസർ.